**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1770** **29-09-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മുണ്ടേരി സീഡ് ഫാം തൊഴിലാളികളുടെ സർവീസ് സംബന്ധവിഷയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മുണ്ടേരിയിലുള്ള സർക്കാരിന്റെ വിത്തുകൃഷി തോട്ടം തൊഴിലാളികളുടെ ഗ്രേഡിന് കാഷ്വൽ സർവീസ് പരിഗണിച്ചിരുന്നത് നിർത്തലാക്കിയത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | ഫാം തൊഴിലാളികളുടെ ഗ്രേഡിന് കാഷ്വൽ സർവ്വീസ് പരിഗണിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുകയാണ്. |
| (ബി) | മുണ്ടേരി സീഡ് ഫാം തൊഴിലാളികൾക്ക് ലഭിച്ചിരുന്ന 20 കാഷ്വൽ ലീവ് 15 എണ്ണമായി വെട്ടിക്കുറച്ച നടപടി പിൻവലിക്കുമോ; | (ബി) | ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ പരിഷ്കരണത്തിന് നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 04.07.2023 ലെ സ.ഉ.(സാധാ)നം.647/2023 പ്രകാരം ഫാം തൊഴിലാളികൾക്ക് 15 കാഷ്വൽ ലീവ് എന്നത് 20 ആയി ഉയർത്തി ഉത്തരവായി. എന്നാൽ 15 സിക്ക് ലീവ്, ആർജ്ജിത അവധി, വീക്കിലി ഓഫ്, രണ്ടാം ശനിയാഴ്ച, പൊതു അവധികൾ ഉൾപ്പെടെ ഫാം തൊഴിലാളികൾക്ക് വളരെ കൂടുതൽ അവധി ലഭിക്കുന്ന സാഹചര്യം ഉണ്ടാകുകയും ഫാമുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്ത സാഹചര്യത്തിൽ 06.12.2024ലെ സ.ഉ.(സാധാ)നം 1153/2024/അഗ്രി പ്രകാരം കാഷ്വൽ ലീവ് 20 ൽ നിന്നും 2023 വരെ നിലവിലുണ്ടായിരുന്ന 15 ആയി നിജപ്പെടുത്തി. ഫാമുകളുടെ സുഗമമായ നടത്തിപ്പിനായി ഫാം ഉദ്യോഗസ്ഥരുടേയും ഫാം തൊഴിലാളി സംഘടന പ്രതിനിധികളുടേയും യോഗം കൂടുകയും, പ്രസ്തുത യോഗത്തിൽ ഫാം തൊഴിലാളികൾക്ക് ഒരു വർഷം മുൻപ് അനുവദിച്ച 20 കാഷ്വൽ ലീവ് 15 എണ്ണമായി നിജപ്പെടുത്തുന്നതിന് തീരുമാനം കൈക്കൊള്ളുകയുമാണ് ചെയ്തത്. |
| (സി) | മുണ്ടേരി സീഡ് ഫാം തൊഴിലാളികളെ സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | ഫാം തൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിച്ച മുഴുവൻ ഡി.എ. കുടിശികയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | സർക്കാർ കാലാകാലങ്ങളിൽ പുറത്തിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഡി.എ |

| | | | |
|---|---|---|---|
| | | | കുടിശ്ശിക അർഹമായ തൊഴിലാളികൾക്ക് അനുവദിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ